# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 494

11.06.2013 ൽ മറുപടിയ്ക്ക്

## റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തവരെ സഹായിക്കാനുള്ള റിസ്ക് ഫണ്ട് പദ്ധതി ഏത് വർഷം മുതലാണ് നിലവിൽ വന്നത്; വ്യക്തമാക്കുമോ; | (എ) സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാധ്യത തുക എഴുതിത്തള്ളുന്നതിനായി "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. 01.04.2008 മുതലാണ് പദ്ധതി പ്രാബല്യത്തിലുള്ളത്. |
| (ബി) ആയതിനായി സഹകരണ സംഘങ്ങളുടെ ബാധ്യത എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം പ്രീമിയം അടയ്ക്കേണ്ടത് വായ്പക്കാരനാണ്. ഇതിനായി സഹകരണ സംഘങ്ങൾക്ക് ബാധ്യത ഇല്ല. |
| (സി) റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നതിനുശേഷവും ആയതിൽ ചേരാതെവന്നിട്ടുള്ള ബാങ്കുകളിലെ വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പക്കാരന് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത്; വിശദമാക്കുമോ; | (സി) റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്ന ശേഷവും പദ്ധതിയിൽ ചേരാതെ വന്നിട്ടുള്ള ബാങ്കുകളിലെ വായ്പക്കാരൻ മരണപ്പെട്ടാൽ ആശ്രിതർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കില്ല. |
| (ഡി) ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം റിസ്ക് ഫണ്ട് ആനുകൂല്യം വായ്പാക്കാരന്റെ അവകാശികൾക്ക് ലഭിക്കാതെ വന്നാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) സഹകരണ സംഘങ്ങളിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം റിസ്ക് ഫണ്ട് ആനുകൂല്യം അവകാശികൾക്ക് ലഭിക്കാതെ വന്നാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നിലവലിൽ വ്യവസ്ഥ ഇല്ല. ഇത് സംബന്ധിച്ച് പുതിയ വ്യവസ്ഥ |

ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്

(ഇ) ബാങ്കുകളുടെ അനാസ്ഥമൂലം ഈ രീതിയിൽ ആനുകൂല്യം ലഭിക്കാതെ വന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

(ഇ) ബാങ്കുകളുടെ അനാസ്ഥമൂലം ഈ രീതിയിൽ ആനുകൂല്യം ലഭിക്കാതെ വന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (2013 ലെ 8-ാം നമ്പർ നിയമം) അനുസരിച്ച് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പ സഹകരണ സംഘങ്ങൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും വായ്പ നൽകുന്നതിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ